**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 384** | **23-07-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | 2020-21 സാമ്പത്തിക വർഷം കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; | (എ) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് അംബേദ്ക്കർ ഗ്രാമം പദ്ധതി 2019-20 ൽ ഉൾപ്പെടുത്തി കുറ്റ്യാടി നിയോജക മണ്ഡലം മണിയൂർ ഐ.എച്ച്.ഡി.പി കോളനിയെ തെരഞ്ഞെടുത്തു. പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂരഹിത പുനരധിവാസ പദ്ധതി, പഠനമുറി നിർമ്മാണം, ഭവനപൂർത്തീകരണം, എന്നീ പദ്ധതികൾക്ക് 2020-21 വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കുറ്റ്യാടി മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. |
| (ബി) | പദ്ധതികൾക്ക് അനുവദിച്ച തുക ഉൾപ്പെടെ വ്യക്തമാക്കാമോ? | (ബി) | 1. ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 11 പേർക്ക് ധനസഹായം അനുവദിച്ചു. ഈ ഇനത്തിൽ 41,25,000/- രൂപ ചെലവഴിച്ചു. 2. പഠനമുറി പദ്ധതി പ്രകാരം 33 പേർക്ക് ധനസഹായം അനുവദിച്ചു. ഈ ഇനത്തിൽ 43,90,000/- രൂപ ചെലവഴിച്ചു. 3. ഭവന പൂർത്തീകരണം പദ്ധതി പ്രകാരം 31 പേർക്ക് ധനസഹായം അനുവദിച്ചു. ഈ ഇനത്തിൽ 21,75,000/- രൂപ ചെലവഴിച്ചു. 4. അംബേദ്ക്കർ ഗ്രാമം പദ്ധതിയ്ക്ക് 2020-21 വർഷം അടങ്കൽ തുകയുടെ (50 ലക്ഷം) 20% തുകയായ 10,00,000/- രൂപ മണിയൂർ ഐ.എച്ച്.ഡി.പി കോളനിയുടെ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ